# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീമതി. എസ്. ശാരദ)

വിഷയം :- പിന്നാക്ക വിഭാഗ വികസനം - വകുപ്പിൽ ആഭ്യന്തര പരിശോധനാ സംഘം രൂപീകരിച്ചുത്തരവാകുന്നത്-സംബന്ധിച്ച്

പരാമർശം:- സർക്കാർ പരിപത്രം നമ്പർ 33/2018/ധന തീയതി 20.04.2018

ഉത്തരവ് നമ്പർ : **BCDD/A1/1687/2018(2)** തീയതി: 15/10/ 2018

സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് മേധാവിയുടെ നിയന്ത്രണത്തിലുള്ള കാര്യാലയങ്ങളിൽ ഓഡിറ്റ് നടത്തുന്നതിന് സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ തലവനായി ഓഡിറ്റ് സംഘം/സംഘങ്ങൾ രൂപീകരിയ്ക്കണമെന്നും,ആയതിന്റെ മേൽ നോട്ടം വകുപ്പിലെ ഫിനാൻസ് ഓഫീസർ /അക്കൗണ്ട്സ് ഓഫീസറിൽ നിക്ഷിപ്തമാക്കണമെന്നും പരാമർശ പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഡയറക്ടറേറ്റ് സീനിയർ സൂപ്രണ്ട് അദ്ധ്യക്ഷനായും, ജൂനിയർ സൂപ്രണ്ട്, സീനിയർ ക്ളാർക്ക് എന്നിവർ അംഗങ്ങളായും ആഭ്യന്തര പരിശോധനാ സംവിധാനം രൂപീകരിച്ചും, ആയതിന്റെ മേൽ നോട്ടം വഹിക്കുന്നതിനുള്ള ചുമതല സീനിയർ ഫിനാൻസ് ഓഫീസർക്ക് നൽകിയും ഉത്തരവാകുന്നു. ഓഡിറ്റ് സംഘം ബന്ധപ്പെട്ട ഓഫീസുകളിൽ പരിശോധന നടത്തേണ്ടതും, ഇത് സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ വകുപ്പ് മേധാവി വഴി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

Sarada

ഡയറക്ടർ

പകർപ്പുകൾ

1) പ്രിൻസിപ്പൽ സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2) അക്കൗണ്ടന്റ് ജനറൽ, കേരള *(A&E)* (ഉപരിപത്രം സഹിതം)
3) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം,കോഴിക്കോട്
4) സ്റ്റോക്ക് ഫയൽ/സ്പെയർ.

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീമതി. എസ്. ശാരദ)

വിഷയം :- പിന്നാക്ക വിഭാഗ വികസനം - വകുപ്പിൽ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുത്തരവാകുന്നത്-സംബന്ധിച്ച്

പരാമർശം:- സർക്കാർ പരിപത്രം നമ്പർ 33/2018/ധന തീയതി 20.04.2018

ഉത്തരവ് നമ്പർ : **BCDD/A1/1687/2018(1)** തീയതി: 15 /10/ 2018

സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ സംവിധാനം കാര്യക്ഷമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് മേധാവി/ വകുപ്പ് മേധാവി നിർദ്ദേശിക്കുന്ന വകുപ്പിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ അദ്ധ്യക്ഷനായി, ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിയ്ക്കണമെന്ന് പരാമർശ പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായും, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട്( വകുപ്പ് ഡയറക്ടറേറ്റ്), ജൂനിയർ സൂപ്രണ്ട്(വകുപ്പ് ഡയറക്ടറേറ്റ്) എന്നിവർ അംഗങ്ങളായും വകുപ്പിൽ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുത്തരവാകുന്നു. ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ത്രൈമാസികമായി വകുപ്പിലെ ആഭ്യന്തര പരിശോധനാ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് ധനകാര്യ(ആഭ്യന്തര പരിശോധനാ വിഭാഗം) വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

ഡയറക്ടർ

പകർപ്പുകൾ

1) പ്രിൻസിപ്പൽ സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2) അക്കൗണ്ടന്റ് ജനറൽ, കേരള *(A&E)* (ഉപരിപത്രം സഹിതം)
3) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം,കോഴിക്കോട്
4) സ്റ്റോക്ക് ഫയൽ/സ്പെയർ.